# കാടുകളില്ലാതായേക്കാവുന്ന ഒരു ലോകത്തിരുന്ന് കാടിനെ സ്വപ്നം കാണാൻ പഠിക്കുകയാണ് ഞാൻ

രോഷ്നി സ്വപ്ന

കാടിന്റെ ഇരുണ്ട വഴികളെക്കുറിച്ച് എഴുതും തോറും കാട്ടിലെത്തി വഴികൾ മറന്ന് ഒറ്റക്കാവാനാണ് ഞാൻ കൊതിക്കുക. പ്രകൃതി എനിക്ക് പ്രണയവും സ്നേഹവും അലിവുമാണ്. വാക്കിന്റെ കൊളുത്തുകൾ കരുപ്പിടിപ്പിക്കാനും, സ്വരസ്ഥാനങ്ങളിൽച്ചേർന്ന് ഇനിയും ഉരുവമെടുത്തിട്ടില്ലാത്ത ഒരു രാഗം പാടിത്തീർക്കണമെന്നുമുള്ള സ്വപ്നം സൂക്ഷിക്കാനും, സൂര്യനിലേക്ക് കത്തുന്ന പച്ചനിറം ചാലിച്ചൊരു ചിത്രം വരക്കണമെന്നുമൊക്കെ കെടാതെ മനസ്സിൽ സൂക്ഷിക്കാനും മറ്റൊരു പ്രചോദനമെനിക്കില്ല. ഒരില വീണുകിടക്കുന്നതുകണ്ടാൽ അതേതു കൊമ്പിൽ നിന്നാണെന്ന് തിരഞ്ഞുപിടിക്കുന്നവളാണ് ഞാൻ. ഒരു കൂവൽ കേട്ടാൽ ഇലകൾക്കിടയിലൊളിച്ചിരിക്കുന്ന ആ പക്ഷിയെത്തിരഞ്ഞ് ജന്മങ്ങളോളം അലയാനും ഞാനൊരുക്കമാണ്. തുടക്കങ്ങളെത്തിരയാനുള്ള ആഗ്രഹം വല്ലാത്തൊരനുഭവമാണു തരിക. എന്റെ ജീവിത പരിസരങ്ങളിൽ കാടിന്റെ ഒരു സ്പർശാന്തരീക്ഷം തീരെയില്ല എങ്കിലും ബാല്യകാല വായനാനുഭവങ്ങളും, കേൾവിയിടങ്ങളിൽനിന്ന് കാടും കാട്ടുപച്ചയും ഏറെക്കുറെ എന്നെ ച്ചേർത്തുനിർത്തിയിട്ടുണ്ട്. പഞ്ചതന്ത്രത്തിലെ കഥകളിൽ മിക്കവയും അരങ്ങേറിയിരുന്നത് കാട്ടിൽ. രാജകുമാരന്മാർ കഴുതത്തലയന്മാരാകുന്ന ആ മാന്ത്രികവനം. റോസാലിൻഡിനായുള്ള പ്രണയഗീതങ്ങൾ കൊണ്ട് ഓരോ മരവും മൂടിയ ഒർലാന്റോയുടെ ആ കാട്. ആ കാട്ടിൽ അനിശ്ചിതത്തിന്റെ ഇരുണ്ട കാറ്റുണ്ടാകും.

കൃത്രിമിമായ വർത്തമാനകാല ബോധങ്ങളിൽ നിന്ന് എന്റെ ശരിയായ 'സെൽഫി'ലേക്കെത്താൻ വാക്കും, പ്രകൃതിയും തന്നെ വേണം എനിക്ക്. ആരെങ്കിലും കവിത വായിച്ച് നന്നായെന്നു പറഞ്ഞാൽ, കാട്ടിലെത്തി കിടന്നുറങ്ങുന്ന ഒരാശ്വാസമാണ്. കാറ്റ്, വെള്ളം, പക്ഷി, പച്ച, കടൽ, കാട്... ജീവിതത്തെ കൊത്തിയെടുത്തു പറക്കുന്നതെന്നെ ഇവയൊക്കയാണ്. കാട്ടാറിനു സമീപം നിർത്തിയിടുന്ന തീവണ്ടിയിലെ ഏകാന്ത ഞാനനുഭവിക്കുന്നത് ആൾക്കൂട്ടത്തിലകപ്പെടും പോലെയാണ്. ആളുകൾ കൂട്ടത്തോടെ സംസാരിക്കുന്ന ആരവങ്ങൾ കേൾക്കുമ്പോൾ ശബ്ദമില്ലാത്ത ഒരു നിരാമയത അനുഭവപ്പെടാറുണ്ട്.

പെട്ടെന്നാവും എതിർപ്പാളങ്ങളിൽ ഒരു വണ്ടി കുതിച്ചുയരുക. ("കാട്ടുമൃഗങ്ങളുറങ്ങുന്ന കാടിനെ പിളർത്തിക്കൊണ്ട് ഒരിക്കൽ ഒരിടിമിന്നൽ പറന്നുപോയിരുന്നു" എന്ന് കവിതയിൽ എഴുതാനാവുന്നത് അങ്ങനെയാവാം)

എങ്കിലും ഈ ആരവങ്ങൾ എന്നെ മടുപ്പിക്കുന്നു. 'വേറിട്ട് തിരിച്ചറിയാനാവുന്നില്ലേ എന്നെ' എന്ന് കാട്ടിൽ നിന്നൊരാൾ ചോദിക്കുന്നു. ആ വിളിക്ക് ഞാൻ മറുപടി നൽകുന്നതിങ്ങനെയാണ്.

"ഒരിക്കൽ നീ വിളിക്കുമ്പോൾ
കടൽക്കരയിൽ കൊത്തി വലിച്ച-
ഉടലോടെ ഞാൻ കിടക്കും.
മരിച്ചിട്ടും മരിക്കാത്ത മനസ്സ്
അപ്പോഴും ഭൂമി വിട്ടുപോകാൻ
മടിക്കും.
കാടിന്റെ സംഗീതത്തിൽ
എന്റെ മരണം നിശ്ചലമാകും.
കടൽപിന്നേയും കരിയിലേക്കു
വരും, വീശും, അടിച്ചുയരും.
ലോകം മുഴുവൻ തന്റെ
തിരമാലകളുടെ
ശബ്ദം കൊണ്ട് നിറക്കും
കടൽമീനുകളുടെ ശബ്ദം
അവക്കിടയിൽ ചിതറിപ്പോകും.

ആൾക്കൂട്ടങ്ങൾക്കിടയിൽപ്പോലും ഒരു തണുത്ത കാടിന്റെ അനിശ്ചിതത്വമാണ് ഞാനിഷ്ടപ്പെടുന്നത്. അല്ലെങ്കിൽ സമാന്തരമായൊരു അന്തരീക്ഷത്തിൽ സ്വന്തം ജീവിതമെന്ന അനുഭവത്തെ അറിയാനും വായിക്കാനും എഴുതാനും ഞാൻ ആഗ്രഹിക്കുന്നു.

നീയെന്തിനാണ് കവിതയെഴുതുന്നത്? ഒരു ചോദ്യം ഒരിക്കൽ ആയിരം ജന്മങ്ങൾ തുറന്നു തരും. എഴുത്തിലെ പക്ഷിജന്മം പോലെ കാട്ടിലെത്തി, മഴപെയ്യിക്കാൻ ചെയ്യുന്ന ഒരു തപസ്സുപോലെ തന്നെ ക്ലേശകരമാണ് എനിക്ക് ഓരോ വാക്കും.

എഴുതുകയെന്നത് ചിറകുകളൊതുക്കി, എന്നിലേക്കു തന്നെ നോക്കിക്കൊണ്ട് കണ്ണടച്ചിരുന്ന് പല കാലങ്ങളിലേക്ക് പറക്കണമെങ്കിൽ എനിക്ക് കവിത മതി. മരിച്ച് ചിറകു വിരിച്ച് കൈകാൽ കുടഞ്ഞ്, കണ്ണുകൾ വിടർത്തി പറന്നു നടക്കണമെങ്കിൽ ഞാൻ കഥയിലേക്കു കൂടുമാറുന്നു. പക്ഷിജന്മമാണെന്റേത്. എപ്പോൾ വേണമെങ്കിലും തൂവലുകളടർന്ന്, മണ്ണോടടിയാൻ തിടുക്കം കൂട്ടുന്നു അത്. ഈ കാടിന്റെ കരയിൽ ഒരു കാറ്റടിച്ചാൽ മതി, എന്റെ ഓർമ്മകളുടെ തുണ്ടുകൾ ആ കാട്ടിൽ നിന്ന് ഓടിവരും. കാട്ടിൽ ഇപ്പോഴില്ലാത്ത മരങ്ങൾ, ചില്ലകളിൽനിന്ന് നിഗൂഢമായ മണങ്ങൾ ഒക്കെ ഇറങ്ങിവന്ന് എന്നെ പല കാലങ്ങളിലേക്ക് കൈപിടിച്ചുകൊണ്ടുപോകും. ഇതിനു സമാനമൊയൊരു ജൈവികാന്തരീക്ഷം നിലനിൽക്കുന്നില്ല. നാം നിലനിൽക്കുന്ന ലോകത്ത് മൺതരികൾക്ക് മണ്ണി

നോടു ചേർന്നു കിടക്കുകയെന്ന അനുഭവം നിഷേധിക്കപ്പെടുന്നു. ആൾക്കൂട്ടങ്ങളുടെ തിരക്കു പിടിച്ച കാറ്റ് ഒന്നിൽനിന്ന് മറ്റൊന്നിനെയെന്ന വണ്ണം അടർത്തി മാറ്റുന്നുണ്ട്. അരക്ഷിതമായ ഒരവസ്ഥ നിലനിൽക്കുന്ന സമൂഹത്തിൽ അതുകൊണ്ടുതന്നെ 'ചേർത്തു പിടിക്കുക'യെന്ന ഒരു രാഷ്ട്രീയം സമാന്തരദിശയിൽ വളരെ പ്രതിലോമകരമായി വളർന്നുവരുന്നുണ്ട്. കണ്ടുകൊണ്ടിരിക്കുന്നത് അസത്യമാണെന്നും മറവിയാണ് പുതുമയുടെ പുതിയ പ്രത്യയശാസ്ത്രമെന്നും തൊട്ടടുത്തു നിൽക്കുന്നവനെ കുത്തിയോ വെട്ടിയോ കൊലപ്പെടുത്തിയതിനേക്കാൾ കൂടുതൽ പ്രധാനമായത് ആ ദൃശ്യത്തെ എങ്ങനെ ഏറ്റവും കലാപരമായി പകർത്തലും പ്രക്ഷേപണം ചെയ്യലുമാണെന്ന് നമ്മുടെ ചാനലുകൾ നിത്യം പറയുന്നുണ്ട്. "എല്ലാം തകിടംമറിക്കാനൊരാൾ വരും" എന്നു പേടിക്കപ്പെടേണ്ട അയാൾക്കുശേഷം ലോകം, ജീവിതം ഇങ്ങനെയൊന്നുമാവില്ല എന്നുമാണ് ടി. വി. സീരിയൽ പരസ്യങ്ങൾ. ഇനിയും വരാത്ത ആ കഥാപാത്രം മനസ്സിനെ വല്ലാത്തൊരാധിയിലേക്കും , ആ ആധിയെ മറച്ചുവക്കുന്ന മരുന്നുകളിലേക്കും നയിക്കുന്നുണ്ട്. ആൾക്കൂട്ടത്തിനിടയിൽ നിന്നു മാറി തെരുവിന്റെ ഓരം ചേർന്ന് പോകുന്നുണ്ടാകുമപ്പോൾ മെലിഞ്ഞ് വിരലുകളുള്ള ഒരു രൂപം. "ജീവിതം ഇതൊന്നുമല്ല" എന്ന് ദൈന്യതയുള്ള കണ്ണുകളിലൂടെ അയാൾ നിശ്ശബ്ദമായിപ്പറയുന്നത് ഞാൻ കേൾക്കുന്നുണ്ട്. നാടടച്ച് കുലുക്കുന്നു ശബ്ദവും ശരീരവുമായി റേഡിയോ വണ്ടികൾ തൊരുവോരങ്ങളെ കീഴടക്കുമ്പോൾ തുടച്ചുമാറ്റപ്പെടുന്ന ഉറമ്പുകൾ പോലെ ഒരു പറ്റം ആളുകളുണ്ട്. ഞാനെന്തോ! ആ കൂട്ടത്തെകുറിച്ചാണ് ചിന്തിക്കാറ്. അവർക്ക് ഭാവിയെക്കുറിച്ച് എനിക്കുള്ള ആശങ്കയില്ല. ഭാവി അവർക്ക് വെറുമൊരു ചോദ്യചിഹ്നം മാത്രം. ജീവിതത്തിന്റെ ആകസ്മികസുഖങ്ങളോ രുചികളോ അറിയാത്തവർക്ക് ഭാവിയെക്കുറിച്ച് ഉത്കണ്ഠപ്പെടേണ്ടതില്ലല്ലോ!

നാമോരുത്തർക്കും 'ഭാവി' എന്നാൽ നാമെത്തിപ്പെടാനാഗ്രഹിക്കുന്നയിടം, നാം ആയിത്തീരാനാഗ്രഹിക്കുന്ന ജീവാവസ്ഥ, നാമല്ലാതാകാനാകാത്തതെന്തും....



സ്വത്വത്തിന്റെയോ ആത്മത്തിന്റെയോ ഒക്കെ അനിവാര്യവും അനുസ്യൂതവുമായ യാത്രയുടെ കാണാഅറ്റങ്ങൾ ..... മുൻപത്തേതുപോലുള്ള ഒന്നും ഇനി ആവർത്തിക്കില്ല എന്നറിയാം. ലോകാനുഭവങ്ങളോ വായനാസമൂഹമോ പ്രത്യയശാസ്ത്രമോ നവീകരണങ്ങളോ പുനർവായകളോ കൊണ്ട് സജീവമാണ് വർത്തമാനം. ഇന്നു സംസാരിക്കുന്ന ഭാഷ വരെ നാളെ നഷ്ടപ്പെട്ടേക്കാം. ഭാഷ കൊണ്ട് ഒരാവശ്യവും ഇല്ലാതാകുന്ന് സമൂഹം ഉടലെടുത്തേക്കാം. സംസാരം പോലും ഫോൺ- ഇൻ പരിപാടികളിലെ ഇന്റർ കണക്ഷൻ വഴിമാത്രമേ ഉണ്ടായിരിക്കാൻ സാധ്യതയുള്ളു. ഒന്നും കഷ്ടപ്പെട്ട് കണ്ടുപിടിക്കേണ്ട ആവശ്യമില്ലാതായേക്കാം. ജീവിതം യാഥാർത്ഥ്യത്തിൽനിന്ന് അതിയാഥാർത്ഥ്യത്തിലേക്കു കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു ഷോയായി മാറുന്നു. ജനങ്ങളെ മാറ്റിനിർത്തുകയും തങ്ങൾ ജനങ്ങളോടടുത്തുനിൽക്കുന്നവരാണ് എന്ന പ്രതീതി ജനിപ്പിക്കുകയും ചെയ്യുന്നവരും 'ജനങ്ങൾക്കാവശ്യം ഇന്നതാണ്' എന്ന തെറ്റായി ധരിക്കുകയും ചെയ്യുന്ന ഒരു കൂട്ടം പേടിപ്പെടുത്തുംവിധം പെരുകുന്നുണ്ട്. ആവശ്യമില്ലത്തിടത്തേക്കാണ് ക്യാമറക്കണ്ണുകൾ സൂം ചെയ്യുന്നത്. നിർത്താതെ സംസാരിക്കാനാണ് പുതിയ തലമുറ പഠിച്ചുകൊണ്ടിരിക്കുന്നത്. സാഹിത്യകൃതികളേക്കാൾ സഹായഗ്രന്ഥങ്ങൾക്കാണ് വിപണി. അത്യന്താനധുനിക ഇലക്ട്രോണിക് ബിംബങ്ങളും അടയാളങ്ങളും രൂപിച്ചെടുക്കാനാവാത്ത വിധത്തിൽ ആനന്ദങ്ങൾ വർഷിക്കുകയാണ് ഈ ലോകത്ത്. പാട്ടുപാടിയാൽ സമ്മാനമായിക്കിട്ടിയിരുന്ന ഒരു കഷണം കടലാസോ നിലവിളക്കോ എന്റെ തലമുറയുടെ മത്സരാവേശം വർദ്ധിപ്പിച്ചിരുന്നു. പക്ഷെ, ഇന്ന് ജീവിതത്തിൽ ഒരൊറ്റ റിയാലിറ്റിഷോക്ക് മാത്രമേ പ്രസക്തിയുള്ളു. വിജയിച്ചാൽ ജീവിതത്തിലിനി കൂടുതലറിവ് ആവശ്യമില്ല എന്നതാണ് പുതിയ പ്രത്യശാസ്ത്രം. അഭ്യസനം അവിടെ നിൽക്കുന്നു. അടുത്ത വിജയി വരും വരെ നക്ഷത്രസിംഹാസനം, എതെങ്കിലുമൊരു കഷണം ഭൂമി നമ്മുടെ രാജ്യത്തിന്റെ ഭാഗമാകണോ മുറിച്ചുമാറ്റണോ എന്നതല്ല നമ്മുടെ യഥാർത്ഥ പ്രശ്നം. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ വിവിധ ജാതിമതവിശ്വാസികൾ ഒത്തുചേർന്ന ഒരു ജീവിതമാണ്. വേണ്ടതെന്നറിയുകയും, മതങ്ങൾക്കതീമായ ജൈവ ഇടങ്ങൾ കണ്ടെത്തുക തന്നെ വേണം എന്നുമുള്ളത് ഭാവിയിലേക്കുള്ള നീക്കിവയ്ക്കലാണ്. ജനിക്കാനുള്ള കാലത്തെക്കുറിച്ച് തെരഞ്ഞെടുപ്പ് അസാദ്ധ്യമെങ്കിലും! നീതിബോധത്തെക്കുറിച്ച് നിരന്തരം ചിന്തിക്കുകയും, സ്വയം പരിണമിക്കുവാൻ സന്നദ്ധരായിരിക്കുകയും സാമൂഹ്യപ്രശ്നങ്ങളോട് നിരന്തരം പ്രതികരിക്കുന്നതുമായ ഒരു പുതിയ സമൂഹം വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ നിലനിൽക്കുന്ന അക്രമപ്രവണതകളെയും നിഷേധാത്മകപ്രവണതകളെയും നേരിടാൻ കഴിയൂ. പക്ഷെ ഇത്തരം ചിന്തകളെ മാറ്റിനിർത്തിക്കൊണ്ട് കേവല പ്രായോഗികതകളിൽ മാത്രം ജീവിച്ച് അവ്യക്തമായ ഒരു ഭാവിയിലേക്ക് കുതിക്കുകയെന്നതാണ് പുതിയ പ്രവണത. ഒരു കണക്കിൽ ഉറപ്പുകളില്ലായ്മയുടെ ഒരു പ്രത്യേക സൗന്ദര്യം അതിനുള്ളിലുണ്ട്. ലോകം ഇത്തരത്തിൽ ഭാവിയിലേക്കു കുതിക്കുന്നത് ഞാനെന്റെ എഴുത്തിലൂടെ സ്വപ്നം കാണുകയാണ്. ഒരുപക്ഷെ വരണ്ട ഒരു മണൽക്കാടായി ഭൂമി മാറിയാലും മനസ്സിൽ പച്ചയുടെ തുടിപ്പുകൾ എന്നിൽ അവശേഷിക്കും.

(തുടരും)

*സാരംഗ്, ഈസ്റ്റ് നട, ഇരിങ്ങാലക്കുട*